## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.8169 17.07.2014-ൽ മറുപടിക്ക്**

### 'മഴസമൃദ്ധി' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് 'മഴ സമൃദ്ധി' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ സംസ്ഥാനത്ത് മഴ സമൃദ്ധി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരള സർക്കാരിന്റെ മിഷൻ 676 പദ്ധതിയുടെ ഭാഗമായി മഴവെള്ളത്തെ പ്രയോജനപ്പെടുത്തി കിണറുകളെ ജലസമൃദ്ധമാക്കാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ പ്രധാന കുടിവെള്ള സ്രോതസ്സായ കിണറുകളുടെ ജലശുദ്ധിയും ജല സമൃദ്ധിയും വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| ബി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ; | ബി 1. സംസ്ഥാനത്ത് ലഭിക്കുന്ന മഴയെ പ്രയോജനപ്പെടുത്തുക.<br>2. തെരഞ്ഞെടുക്കപ്പെട്ട 100 ഗ്രാമപഞ്ചായത്തുകളിൽ ഒന്നാം ഘട്ടമായി കിണർ റീ ചാർജ്ജ് നടപ്പിലാക്കുക.<br>3. കിണറുകളിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുക.<br>4. കിണറുകളിലെ ജലശുദ്ധി മെച്ചപ്പെടുത്തുക |

| | | | |
|---|---|---|---|
| സി | മഴവെള്ളം കിണറുകളിലേക്ക് റീ ചാർജ് ചെയ്ത് ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | സി & ഡി | മഴവെള്ളം കിണറുകളിലേക്ക് റീ ചാർജ്ജ് ചെയ്യുന്ന പദ്ധതി പല സ്ഥലങ്ങളിലും ഇതിനകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. വിജയകരമായി നടപ്പാക്കിയ പല കേസ് സ്റ്റഡികളുടെയും അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |
| ഡി | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ